ഇത് പ്രത്യേകമായി ചീഫ് ഓഫീസിൽനിന്നും എഴുതി വാങ്ങേണ്ടതാണ്. ഒരു ബസിൽ 3 പാസ് മാത്രമേ അനുവദിക്കുകയുള്ളൂ.

(ബി)

1. ജീവനക്കാർക്ക് അവരുടെ കൈവശമുള്ള പാസ് ഉപയോഗിച്ച് അന്തർ സംസ്ഥാന യാത്രക്ക് അനുവാദമില്ലാത്തതാണ്. ഇതിന് ചീഫ് ഓഫീസിൽനിന്നും പ്രത്യേക പാസ് വാങ്ങേണ്ടതാണ്.

2. പത്രപ്രവർത്തകർ ഉൾപ്പെടെയുള്ളവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

(a) പത്രപ്രവർത്തകർ - 521

(b) സ്വാതന്ത്ര്യസമര സേനാനികൾ, അവരുടെ വിധവകൾ - 2433

(c) എം.എൽ.എ.-മാർ,എം.പി.-മാർ, മുൻ എം.എൽ.എ.-മാർ - 397

(d) അർജ്ജുന-ദ്രോണാചാര്യ, കബീർ പുരസ്കാരം അവാർഡ് ജേതാക്കൾ - 21

(e) ട്രാൻ. കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് മെമ്പർമാരും മുൻ ബോർഡ് മെമ്പർമാരും - 19

(f) പദ്മശ്രീ പുരസ്കാരം - 1

(g) ബി.എസ്.എസ്. - 1

(h) പി.സി.എസ്.ആർ.എ. - 3

(സി) സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് യാത്രാ സൗജന്യം അനുവദിക്കുന്നത്. സൗജന്യ യാത്രാ പട്ടികയിൽ കൂടുതൽ വിഭാഗത്തെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

സ്റ്റേജ് കാര്യേജ് ബസ്സുകളുടെ കാലാവധി ദൈർഘ്യം

240 (7803) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേജ് കാര്യേജ് ബസ്സുകളുടെ കാലാവധി 15 വർഷത്തിൽനിന്നും 20 വർഷമായി വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) ബസ്സുകളുടെ കാലാവധി 15 വർഷമാക്കി നിജപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ ബസ്സുകളുടെ കാലാവധി കൂട്ടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇക്കാര്യം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി പരിശോധിച്ചുവരുന്നു.

(ബി) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 72(2) പ്രകാരം പൊതുസുരക്ഷ, റോഡ് സുരക്ഷ, പരിസ്ഥിതി മലിനീകരണം, വാഹന സുരക്ഷ, അപകട നിയന്ത്രണം എന്നിവ ലക്ഷ്യമാക്കി പഴയ വാഹനങ്ങൾ കാലപ്പഴക്കം കാരണം റോഡിൽ ഇറക്കാൻ യോഗ്യമായവ അല്ല എന്ന കണ്ടെത്തലിന്റേയും അത്തരം വാഹനങ്ങൾ കൂടുതൽ അപകടങ്ങളും പരിസ്ഥിതി മലിനീകരണവും ഉണ്ടാക്കുന്നു എന്നതിന്റേയും അടിസ്ഥാനത്തിലും പുതിയ വാഹനങ്ങൾ സാങ്കേതികമായി കൂടുതൽ വിശ്വസനീയവും മേന്മയുള്ളതുമാണെന്ന് മനസ്സിലാക്കിയതിന്റേയും അടിസ്ഥാനത്തിലാണ് 20-3-2001-ൽ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി പഴയ വാഹനങ്ങളുടെ പ്രായപരിധി 15 വർഷമായി നിജപ്പെടുത്തി തീരുമാനമെടുത്തത്.

(സി) കാലാവധി കൂട്ടാൻ തീരുമാനിച്ചിട്ടില്ല.

കെ.എസ്.ആർ.ടി.സി. യാത്രാപാസ്

241 (7804) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ ഏതെല്ലാം തരത്തിലുള്ള സൗജന്യ യാത്രാ പാസ്സുകളാണ് നിലവിൽ നൽകിവരുന്നത് ; ഓരോന്നിന്റെയും പ്രത്യേകതകൾ വിശദമാക്കുമോ ;

(ബി) എല്ലാ വിഭാഗങ്ങൾക്കുംകൂടി നൽകിയിട്ടുള്ള പാസ്സുകളുടെ എണ്ണം ഓരോ വിഭാഗം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഒരേസമയം യാത്രാപാസ്സും ഔദ്യോഗിക വാഹനവും ഉപയോഗിക്കുന്ന എത്ര ജീവനക്കാർ കെ.എസ്.ആർ.ടി.സി.യിലുണ്ട് ; വിശദവിവരം നൽകാമോ ;

(ഡി) ഡ്യൂട്ടിക്ക് വരുന്നതിനും മടക്കയാത്രയ്ക്കും പാസ്സുള്ളവരെല്ലാം പാസഞ്ചർ വാഹനംമാത്രം ഉപയോഗപ്പെടുത്തുന്നതിനും പാസഞ്ചർ ഇതര കെ.എസ്.ആർ.ടി.സി. വാഹനം ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 1. വികലാംഗർ :- 40%-ൽ കൂടുതൽ സ്ഥിരമായ അസ്ഥിവൈകല്യമുള്ളവരും 15000 രൂപയിൽ കുറവ് വരുമാനവുമുള്ള വികലാംഗർക്കാണ് സൗജന്യ യാത്രാപാസ് നൽകുന്നത്. ഇവർക്ക് 70% യാത്രാകൂലിയിൽ ഇളവ് ലഭിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly